# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1894 07.03.2017- ൽ മറുപടിയ്ക്ക്

**തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്ക് സഹായം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ. പി.ഉണ്ണി | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) | കേരളത്തിൽ നിന്നും ഗൾഫ് നാട്ടുകളിലും മറ്റ് വിദേശ രാജ്യങ്ങളിലും പോയി തൊഴിൽ ചെയ്യുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ ; | എ) | Centre for Development Studies 2011 ൽ "കേരള മൈഗ്രേഷൻ സർവ്വേ" എന്ന പേരിൽ പ്രവാസി മലയാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതു പ്രകാരം പ്രവാസി മലയാളികളുടെ എണ്ണം 34,30,889 ആണ്. സാമ്പത്തിക സ്ഥിതി വകുപ്പ് മുഖേന ഒരു സമഗ്ര പ്രവാസി മലയാളി സർവ്വേയും നടത്തിയിട്ടുണ്ട്.<br>സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം 16,25,653 എന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് വിവരം ലഭ്യമല്ല. |

*(മറുപുറം)*

| | | | |
|---|---|---|---|
| ബി) | പ്രവാസികളുടെ ക്ഷേമത്തിനായി വിദേശത്ത് തൊഴിൽ ചെയ്യുന്നവരിൽ നിന്നും മൂലധനം സ്വരൂപിച്ച് സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഒരു കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടമായി തിരികെ നാട്ടിലെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) | വിദേശത്ത് നിന്നും പലകാരണങ്ങളാൽ തിരികെയെത്തിയ പ്രവാസി മലയാളികൾ സ്വന്തമായോ, കമ്പനി, ട്രസ്റ്റ് തുടങ്ങിയവ രൂപീകരിച്ചോ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15 % മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. സബ്സിഡി പദ്ധതി കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ (CMD) സഹകരണത്തോടെ തിരികെയെത്തിയ പ്രവാസികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി ഹ്രസ്വകാല പരിശീലന പരിപാടി നടത്തുന്നതിലേക്ക് വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു |

ഡി) 1.7.11 മുതൽ 31.1.17 വരെയുള്ള കാലയളവിൽ എത്രപേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പുനരധിവാസ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഡി) NRK returnee രജിസ്ട്രേഷന്റെ ഡാറ്റാബേസ് പ്രകാരം 01.07.2011 മുതൽ 31.01.2017 വരെ 30049 പേരാണ് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയത്. 2013 ജൂലൈയിൽ കേരള സർക്കാർ വിഭാവനം ചെയ്ത നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി മുഖാന്തിരം 2200 ഓളം പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ